# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2548

06.02.2018 ലെ മറുപടിയ്ക്ക്.

## കൊല്ലങ്കോട് ബ്ലോക്കിലെ പ്രീമെട്രിക് ഹോസ്റ്റൽ

**ചോദ്യം**
**ശ്രീ.കെ. ബാബു**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക
സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും
പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കൊല്ലങ്കോട് ബ്ലോക്കിലെ പട്ടിക ജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് മതിയായ ഭൗതിക സാഹചര്യം ഇല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | പ്രീമെട്രിക് ഹോസ്റ്റലിനാവശ്യമായ അടിസ്ഥാന സൗകര്യം കുറവാണെന്നു ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതാണ്.<br>കെട്ടിടം മാർച്ച് മാസത്തിനകം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രശ്നപരിഹാരത്തിനായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത കെട്ടിടം പണി എന്നാണ് ആരംഭിച്ചത് എന്നും ഇതിന് വകയിരുത്തിയ തുക എത്രയെന്നും വിശദമാക്കാമോ ? | (സി) | കെട്ടിടം പണി 07.10.2014- ന് ആരംഭിച്ചു. ആദ്യഘട്ടത്തിൽ ബി.ആർ.ജി.എഫ്. ഫണ്ട് 60 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ട് 40 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ എൽ.എസ്.ജി.ഡി. പ്ലാൻ ഫണ്ടിൽ 60 ലക്ഷം രൂപയും വകയി രുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**